9823
28/4/17

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **കൊല്ലം ജില്ല** - പെരിനാട് പഞ്ചായത്ത്, വെള്ളിമൺ വെസ്റ്റ്, സുനിൽ ഭവനത്തിൽ, അനിൽകുമാറിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

===========================================================================

**റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്**

**സ.ഉ.(കയ്യെഴുത്ത്) നം:134/17/റവ.** **തിരുവനന്തപുരം, തീയതി, 25/04/2017**

===========================================================================

**ഉത്തരവ്**

കൊല്ലം, കുണ്ടറ, പെരിനാട് പഞ്ചായത്തിൽ 2017 ഏപ്രിൽ 9-ന് ഉണ്ടായ ചുഴലിക്കാറ്റിലും ശക്തമായ മഴയിലും നടത്തിയ രക്ഷാപ്രവർത്തനത്തിനിടയിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലിരിക്കെ മരണപ്പെട്ട വെള്ളിമൺ വെസ്റ്റ് സുനിൽ ഭവനത്തിൽ ശ്രീ.അനിൽകുമാറിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 3,00,000/- രൂപ **(മൂന്ന് ലക്ഷം രൂപ മാത്രം)** ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ടി ആവശ്യത്തിലേക്ക് വേണ്ടിവരുന്ന **3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **കൊല്ലം ജില്ലാ കളക്ടർക്ക്** അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക അടിയന്തിരമായി അനിൽകുമാറിന്റെ കുടുംബത്തിന് നൽകി വിവരം എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

**ജില്ലാ കളക്ടർ, കൊല്ലം.**
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ(ഫണ്ട്സ്) വകുപ്പ്/റവന്യൂ(ഡി.ആർ.എഫ്.-ബി) വകുപ്പ്
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 20-04-2017

ഇനം നം. [illegible]

O.A.

**വിഷയം :** റവന്യൂ വകുപ്പ് - കൊല്ലം, കുണ്ടറ പെരിനാട് പഞ്ചായത്ത്, വെള്ളിമൺ വെസ്റ്റ് സുനിൽ ഭവനത്തിൽ അനിൽ കുമാറിന്റെ കുടുംബത്തിന് ധനസഹായം.

**തീരുമാനം :** കൊല്ലം, കുണ്ടറ പെരിനാട് പഞ്ചായത്തിൽ 2017 ഏപ്രിൽ 9-നുണ്ടായ ചുഴലിക്കാറ്റിലും ശക്തമായ മഴയിലും നിരവധി വീടുകൾക്കും വസ്തുവകകൾക്കും നാശനഷ്ടമുണ്ടായി. ഈ സമയത്ത് രക്ഷാപ്രവർത്തനങ്ങൾക്കിടെ വെള്ളിമൺ വെസ്റ്റ് സുനിൽ ഭവനത്തിൽ അനിൽകുമാറിന് ഗുരുതരമായി പരിക്കേൽക്കുകയും ചികിത്സയിലിരിക്കെ മരണപ്പെടുകയും ചെയ്തു. മരണപ്പെട്ട അനിൽകുമാറിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ) ധനസഹായം അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.